
ജി.എച്ച്.എസ്.ഇരുളത്ത്
ലിറ്റിൽ കൈറ്റ്സ്
മാഗസിൻ 2019

പിന്നണിയിൽ-

അജിത് അച്ചുതൻ LK Master

വിനീത കെ വി L K Mistress

സുജിഷ എം കെ

അർച്ചന ടി

നൈജിൽ പി ഷാജി

ശിവാനന്ദന എം

അർഷാദ് കെ എ

# താളുകൾ മറിക്കുമ്പോൾ


| ക്രമ നമ്പർ | | പേജ് നമ്പർ |
|---|---|---|
| 3 | ആമുഖം | |
| 4 | കാഴ്ചപ്പാട് | |
| 5 | ചിത്രം - ദേവാംഗന 9 A | |
| 6 | ചിത്രം - അർച്ചന | |
| 7 | ചിത്രം - അരുണ ഹരിദാസ് 9 B | |
| 8 | കവിത നൈജിൽ പി | |
| 9 | പാരിജാതം - ശിവനന്ദന | |
| 10 | ചിത്രം - സുജിഷ | |
| 11 | ചിത്രം - അരുണ ഹരിദാസ് | |
| | ഉപസംഹാരം | |

## ആമുഖം

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി പുൽപ്പള്ളി റൂട്ടിൽ ബത്തേരിയില് നിന്നും 15 കി.മി അകലെ വനത്തോട് ചേർന്ന് പ്രകൃതിഭംഗി കിനിയുന്ന ഇരുളം ദേശത്ത്  സ്ഥിതിചെയ്യുന്ന സർക്കാർ വിദ്യാലയമാണ് ഗവ:ഹൈസ്കൂൾ ഇരുളത്ത്..'ഇരുളം സ്കൂൾ' എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന ഈ വിദ്യലയത്തിന്റെ അടിസ്ഥാനപരമായ ആരംഭം കുറിക്കപ്പെട്ടത് 1961 ൽ ആണ് .അന്ന് അങ്ങാടിശ്ശേരിയിലെ ശ്രീ ചണ്ഡിചെട്ടി ,ഇരുളത്തെ ശ്രീ രാമൻകുട്ടി തുടങ്ങിയ മഹത് വ്യക്തികളുടെ ശ്രമഫലമായി കുട്ടികളിൽ നിന്നും ഫീസ് വാങ്ങി കുടിപ്പള്ളിക്കൂട മാതൃകയിലാണ് സ്കൂൾ ആരംഭിച്ചത്.തുടർന്ന് 1962 ൽ അന്ന് മുള്ളൻകൊല്ലിസ്കൂളിൽ അധ്യാപകനായിരുന്ന പി.സി. തോമസ് സാറിന്റെ നേതൃത്വത്തിൽ   സർക്കാരിൽ നിന്നും എൽ.പി സ്കൂൾ ആയി അംഗീകാരം നേടിയെടുത്തു.ശ്രീ കക്കോടൻ മമ്മുഹാജിയുടെ മഹാമനസ്കതയാൽ സ്കൂളിന് സൗജന്യമായി സ്ഥലം ലഭിക്കുകയും ഉദാരമതികളായ പ്രദേശവാസികളുടെ സഹായത്താൽ കെട്ടിടനിർമാണം നടക്കുകയും ചെയ്തു

1974 ൽ യു.പി സ്കൂളായും 1980  ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ട സ്കൂൾ ഇടക്കാലത്ത് ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിച്ചിരുന്നത് .എന്നാൽ 2000 മുതൽ ഷിഫ്റ്റ് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ക്ളാസ് മുറികളുടെ കുറവ് ഇന്നും അനുഭവപ്പെടുന്നുണ്ട്.ആകെ കുട്ടികളും ജീവനക്കാരുമുള്ള വിദ്യാലയം വിജയശതമാനത്തിന്റെ കാര്യത്തിൽ ജില്ലയിൽ മുൻനിരയിലാണുള്ളത്.

വിദ്യാലയത്തിന്റെ അനസ്യൂതമായ പുരോഗതിയിലേക്ക് മറ്റൊരുനാഴികകല്ലായി മാറുമെന്ന പ്രതീക്ഷയിൽ ഈ മാഗസിൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്.

**കാഴ്ചപ്പാട്**

പുരാതനസംസ്കാരങ്ങൾ വിസ്മൃതിയിലായിട്ടും അവയുടെ ജീവിക്കുന്ന സ്മാരകങ്ങളായി ചരിത്രത്താളുകളിലി ഇടംപിടിച്ച തക്ഷശിലയും നളന്തയും പോലെ

ഒരു സംസ്കാരത്തിന്റെ....

ഒരു ജനതയുടെ......

തലമുറകളുടെ

ഈറ്റില്ലവും തറവാടുമായി മാറുന്ന എന്റെ വിദ്യാലയം പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ നേടിയ ആർജവത്തിൽ നിന്നും പതിൻ മടങ്ങ് വേഗതയിൽ മുന്നേറുവാനുള്ള ത്വര ......

വിദ്യാഭ്യാസത്തിന്റെ സകല ലക്ഷ്യങ്ങളും പൂർത്തികരിക്കുന്ന ഒരിടമായി മാറണം എന്റെ വിദ്യാലയം......

ഇവിടെ വരുന്നവരാരും അന്യരാകരുത്


ഇവിടനിന്നും പോകുന്നവരാരും അനാഥരുമാകരുത്

ജീവിതമൂല്യങ്ങളും സത്യവും വിദ്യയും സംസ്കാരവും കോരിനിറക്കുന്നിടവും ....തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകർന്നു നൽകുന്നിടവും.......

അതാവണം എന്റെ വിദ്യാലയം



**ദേവാംഗന**





**അരുണ ഹരിദാസ്**

**കനിവ്**

ഒരു നല്ല് സ്നേഹത്തിനായി കൊതിക്കും
പിഞ്ചിളം മനസ്സിന്റെ തേങ്ങലുകൾ
ആരാരുമില്ലെന്ന തോന്നലിനാൽ
ആഴത്തിൽ ഓർമ്മകൾ പെയ്തിറങ്ങുന്നു
ഏകയായ് ഇന്നീ ജീവിത വീഥിയിൽ
ആരെയോ കാക്കും കെടാ വിളക്കു പോൽ
എരിയുന്ന ജിവിതം ഇനിയും ബാക്കിയായ്.....

നൈജിൽ പി.

**പാരിജാതം**

പാരിജാതം പൂത്തുലഞ്ഞ ഈ വഴിത്താരയിൽ
ഒരിളം മർമരം തഴുകി നീ   വന്നു വോ
സ്നേഹ ശകലമാകുന്ന ഈ മലർവാടിയിൽ
ഒരു ചെറു മന്ദഹാസം തൂകി നീ നിൽക്കുമോ
നിളയുടെ  തീരങ്ങളിൽ ദലമർമ്മരമായി
എന്നെ തഴുകിയുറക്കാൻ എന്തെ നീ ഇത്ര വൈകി
നിൻ സ്വരജതിയിൽ
എൻ നാമ്പ് തളിർക്കുവാൻ
സ്നേഹമാകുന്ന നിൻ പുഷ്പവാടി
എന്നന്നേക്കുമായി സമർപ്പിക്കുമോ?



**സുജിഷ**



**അരുണ ഹരിദാസ്**

## ഉപസംഹാരം

കഴിഞ്ഞകാലത്തെ പോരായ്മകൾ തിരുത്തിക്കുറിക്കുവാൻ കാലത്തിന്റെ ചുവരെഴുത്തുകളിൽ നിന്നും പാഠമുൾക്കൊണ്ടുകൊണ്ട് വികസനത്തിന്റെ കാഴ്ചപ്പാടുമായി,സമൂഹനൻമക്കായി തയ്യാറാക്കപ്പെട്ട ഈ മാഗസിൻ ബഹുജന സമക്ഷം സമർപ്പിക്കുന്നു.

കൂട്ടിച്ചേർക്കലുകളിലൂടെ
സഹകണത്തിലൂടെ
സഹവർത്വത്തിലൂടെ
നമുക്ക് ഒരുമിച്ച് മുന്നേറാം........

സ്റ്റുഡന്റ് എഡിറ്റർ
സുജിഷ എം കെ.